നം. ക്യൂ.ഐ.പി(1)/247365/2022/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 05/02/2022

## സർക്കുലർ

വിഷയം:- പൊ.വി.- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളുടെ പ്രവർത്തനം ക്രമീകരിക്കുന്നത് - പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സ.ഉ. (സാധാ) നം. 109/2022/ഡി.എം.ഡി. തീയതി, 04/02/2022.
2) 19/01/2022 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ.

........

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ സംബന്ധിച്ച് പരിഷ്കരിച്ച മാർഗ്ഗനിർദേശങ്ങൾ സൂചന (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ, 2022 ഫെബ്രുവരി 7 തിങ്കളാഴ്ച മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 10, 11, 12 ക്ലാസ്സുകൾ ഓഫ്‌ലൈനായി രാവിലെ മുതൽ വൈകുന്നേരം വരെ പ്രവർത്തിക്കേണ്ടതാണ്. സ്കൂൾതല മാർഗ്ഗരേഖ പ്രകാരം നിലവിലുള്ള രീതിയിൽ ബാച്ച് തിരിച്ച് കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ചുവേണം ക്ലാസ്സുകൾ നടത്തേണ്ടത്. ജില്ലാതല ദുരന്ത നിവാരണ അതോറിറ്റി/ ജില്ലാ കളക്ടർ/ആരോഗ്യവകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് സ്കൂൾ അധികൃതർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇതോടൊപ്പം സംസ്ഥാനത്ത് 1 മുതൽ 9 വരെയുള്ള ക്ലാസ്സുകൾ മുൻപ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശപ്രകാരം അടുത്ത ഒരാഴ്ച കൂടി ഓൺലൈനായി തുടരേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്:

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (ഹയർസെക്കന്ററി വിഭാഗം)
3) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം)
4) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
5) എല്ലാ പ്രിൻസിപ്പാൾ /പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർ മുഖാന്തിരം)
6) കരുതൽ ഫയൽ.